പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1590 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| വനിതാ കമ്മീഷൻ അംഗങ്ങൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.സി.കൃഷ്ണൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നിലവിൽ സംസ്ഥാന വനിതാ കമ്മീഷനിൽ കമ്മീഷൻ അംഗങ്ങളായി ആരെയൊക്കെ ഏതൊക്കെ തീയതികളിലാണ് നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ; | (എ) ശ്രീമതി. കെ.സി.റോസക്കുട്ടി ടീച്ചർ, ചെയർപേഴ്സൺ, അഡ്വ. നൂർബിന റഷീദ്, മെമ്പർ എന്നിവരെ 03.04.2012 ലെ സ.ഉ (പി) നം. 22/2012/സാക്ഷേവ പ്രകാരവും, ഡോ. പ്രമീളാ ദേവി, ശ്രീമതി.കെ.എ.തുളസി എന്നീ മെമ്പർമാരെ 12.07.2012 ലെ സ.ഉ (പി) നം. 43/2012/സാക്ഷേവ പ്രകാരവും, ഡോ. ലിസ്സി ജോസ് മെമ്പറെ 25.08.2012 ലെ സ.ഉ (പി) നം. 51/2012/സാക്ഷേവ പ്രകാരവുമാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) ഈ നിയമിക്കപ്പെട്ട ഓരോ അംഗങ്ങളും നാളിതുവരെയായി വനിതാകമ്മീഷൻ ആസ്ഥാനത്ത് എത്ര ദിവസം സന്നിഹിതരായിരുന്നെന്നും ഈ കാലയളവിൽ ഓരോരുത്തരും എത്രവീതം പരാതികളിൽ തീർപ്പ് കൽപ്പിച്ചെന്നും വിശദമാക്കാമോ; | (ബി) വനിതാ കമ്മീഷനിലെ ഓരോ അംഗത്തിനും ജില്ലകൾ തിരിച്ച് ചുമതലകൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് ഈ ജില്ലകളിൽ അദാലത്തുകൾ, സെമിനാറുകൾ, ജാഗ്രതാ സമിതികൾ,കലാലയ ജ്യോതി തുടങ്ങിയ പരിപാടികൾ നടത്തുകയുമാണ് ചെയ്തു വരുന്നത്. ഇതോടൊപ്പം അത്യാവശ്യ സന്ദർഭങ്ങളിലും കമ്മീഷൻ മീറ്റിംഗ്, സിറ്റിംഗ്, സർക്കാർ/ സർക്കാരിതര പരിപാടികൾ എന്നിവയിൽ പങ്കെടുക്കുന്നതിനു വേണ്ടി ഹാജരാകാറുണ്ട്. തീർപ്പുകൽപ്പിച്ച പരാതികളുടെ എണ്ണം ജില്ലാക്രമത്തിലും തീർപ്പുകൽപ്പിച്ച മെമ്പർമാർ ക്രമത്തിലും ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1049 |
| കൊല്ലം | 200 |
| പത്തനംതിട്ട | 34 |
| ആലപ്പുഴ | 86 |
| കോട്ടയം | 130 |
| ഇടുക്കി | 65 |
| എറണാകുളം | 273 |
| തൃശ്ശൂർ | 107 |
| പാലക്കാട് | 87 |
| മലപ്പുറം | 83 |
| കോഴിക്കോട് | 97 |
| വയനാട് | 35 |
| കണ്ണൂർ | 95 |
| കാസർഗോഡ് | 30 |

| മെമ്പർമാർ | എണ്ണം |
|---|---|
| ശ്രീമതി. റോസക്കുട്ടി ടീച്ചർ ( ചെയർപ്സേൺ) | - 1084 |
| അഡ്വ. നൂർബിന റഷീദ് ( മെമ്പർ) | - 275 |
| ഡോ. പ്രമീളാ ദേവി ( മെമ്പർ) | - 281 |
| ഡോ. ലിസ്സി ജോസ് ( മെമ്പർ) | - 337 |
| പ്രൊഫ.കെ.എ.തുളസി ( മെമ്പർ) | - 394 |

| | |
|---|---|
| (സി) വനിതാ കമ്മീഷൻ അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മുഴുവൻ സമയവും കമ്മീഷൻ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കണമെന്ന് വനിതാ കമ്മീഷൻ നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ടോ.; | (സി) ഇല്ല |
| (ഡി) ഉണ്ടെങ്കിൽ നിലവിലുള്ള കമ്മീഷനംഗങ്ങളിൽ സർക്കാർ ശമ്പളം കൈപ്പറ്റുന്ന ആരൊക്കെയുണ്ടെന്ന് വെളിപ്പെടുത്തുമോ, അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) നിലവിലുള്ള കമ്മീഷനംഗങ്ങളിൽ എയ്ഡഡ് കോളേജ് അദ്ധ്യാപകരായ ശ്രീമതി. കെ.എ.തുളസി, ഡോ. പ്രമീളാ ദേവി എന്നിവർ സർക്കാർ ശമ്പളം കൈപ്പറ്റുന്നവരാണ്. അവരെ കമ്മീഷൻ അംഗത്വത്തിൽ നിന്നും ഒഴിവാക്കുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ